**Circular No. 139**
**World Mission Day**

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date: 26-09-2013

പ്രിയ ദൈവജനമേ,

ഈ വർഷം ഒക്ടോബർ 20-ാം തീയതി സാർവ്വത്രികസഭ മിഷൻ ഞായർ ആയി ആചരിക്കുകയാണല്ലോ. ഈ വിശ്വാസവർഷത്തിൽ നമ്മുടെ വിശ്വാസയാത്രയെ ശക്തിപ്പെടുത്തുവാൻ നാം നടത്തുന്ന പരിശ്രമങ്ങൾക്ക് മിഷൻ ഞായർ ആചരണം കൂടുതൽ കരുത്തു നൽകട്ടെ. ദൈവം തന്ന അമൂല്യദാനമാണ് വിശ്വാസം. അവിടുത്തെ അറിയുവാനും സ്നേഹിക്കുവാനും വേണ്ടി അത് നമ്മുടെ മനസ്സുകളെ തുറക്കുന്നു. സുവിശേഷപ്രഘോഷണം ക്രിസ്തുശിഷ്യനായിരിക്കുന്നതിന്റെ ഭാഗമാണ്. സഭയുടെ മുഴുവൻ ജീവിതത്തെയും സജീവവും പ്രവർത്തനനിരതമാക്കുന്ന സുസ്ഥിരമായ സമർപ്പണമാണ് വിശ്വാസം എന്ന് ഫ്രാൻസിസ് മാർപാപ്പ ലോക മിഷൻ ദിനത്തിൽ നൽകിയ സന്ദേശത്തിൽ വ്യക്തമാക്കുന്നുണ്ട്.

ഓരോ സമൂഹവും തങ്ങൾക്ക് ലഭിച്ച വിശ്വാസത്തെ ഏറ്റുപറയുകയും ആ വിശ്വാസത്തെ ലോക അതിർത്തികളിലേയ്ക്ക് എത്തിച്ചുകൊടുക്കാൻ തയ്യാറാവുകയും ചെയ്യുമ്പോഴാണ് നമ്മുടെ വിശ്വാസം പക്വത പ്രാപിക്കുക.

ജറുസലേമിലും യൂദയായിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും തന്റെ സാക്ഷികളായിരിക്കുവാൻ (അപ്പ. 1:8) അപ്പസ്തോലന്മാർക്ക് യേശു നൽകിയ ഈ കൽപന തങ്ങൾക്കും നൽകപ്പെട്ടിരിക്കുന്നു എന്ന് ഓരോ ക്രൈസ്തവസമൂഹവും ബോധ്യപ്പെടണം. ഇത് ക്രൈസ്തവജീവിതത്തിന്റെ സത്താപരമായ കാര്യമാണ്. സഭയെ കൂടാതെ ക്രിസ്തുവിനെ പ്രസംഗിക്കുവാൻ ഒരുവനും കഴിയുകയില്ല. സുവിശേഷവൽക്കരണവും പ്രേഷിതപ്രവർത്തനവും ഒറ്റപ്പെട്ട വ്യക്തിപരമായ സ്വകാര്യമായ പ്രവർത്തിയല്ല. അത് എപ്പോഴും സഭാപരമാണ്. പോൾ 6-ാമൻ മാർപാപ്പ ഇങ്ങനെ പറയുന്നു. ഒരു മതപ്രഭാഷകനോ മതാദ്ധ്യാപകനോ അജപാലകനോ സുവിശേഷം പ്രസംഗിക്കുകയും ചെറിയ സമൂഹത്തെ രൂപപ്പെടുത്തുകയും കൂദാശ നൽകുകയും ചെയ്യുന്നത് ഒറ്റയ്ക്കാണെങ്കിലും അയാൾ സഭാത്മകമായ ഒരു പ്രവർത്തിയാണ് ചെയ്യുന്നത്. ഇത് സഭയുടെ ദൗത്യത്തോടുള്ള ഐക്യത്തിലും സഭയുടെ നാമത്തിലുമാണ്. (എവാഞ്ചെലി നൂൺസിയാന്തി, 60)

സഭയിലുള്ള ഈ കൂട്ടായ്മ പ്രേഷിതവേലയ്ക്ക് ശക്തി നൽകുന്നു. താൻ ഒരിക്കലും ഒറ്റപ്പെട്ടവനല്ലെന്നും പരി. ആത്മാവിനാൽ സജീവമാകപ്പെട്ട ഒറ്റ ശരീരത്തിലെ അംഗമാണെന്നും ഓരോ മിഷനറിയും ഓരോ സുവിശേഷപ്രഘോഷകനും ബോധ്യപ്പെടേണ്ടതാണ്.

പരമ്പരാഗതമായി ക്രൈസ്തവമായിരുന്ന പ്രദേശങ്ങളിൽ ഇന്ന് വിശ്വാസവുമായി ബന്ധമില്ലാത്തവരുടെയും മതത്തോടു നിസ്സംഗത പുലർത്തുന്നവരുടെയും മറ്റു പ്രസ്ഥാനങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ടവരുടെയും സംഖ്യ കൂടിക്കൂടി വരുന്നു. കൂടാതെ മാമ്മോദീസ സ്വീകരിച്ച ചിലർ വിശ്വാസത്തിൽ നിന്ന് അകന്ന ജീവിതശൈലി തിരഞ്ഞെടുക്കുന്നു. തന്മൂലം അവരുടെയിടയിൽ നവസുവിശേഷവത്ക്കരണം അത്യാവശ്യമായിരിക്കുന്നു. ഇതിനുപുറമെ മനുഷ്യവംശത്തിലെ വലിയൊരു വിഭാഗത്തിലേയ്ക്ക് യേശുക്രിസ്തുവിന്റെ സന്ദേശം എത്തിച്ചേർന്നിട്ടില്ലെന്ന അവസ്ഥയുമുണ്ട്.

നമ്മുടെ കാലഘട്ടത്തിലെ മനുഷ്യർക്ക് അവരുടെ വഴിയിൽ പ്രകാശം വീശുന്ന സുരക്ഷിതമായ ഒരു വിളക്കു വേണം. അതു നൽകാൻ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിനേ കഴിയുകയുള്ളൂ. അതിനാൽ നമുക്ക് നമ്മുടെ സാക്ഷ്യത്തിലൂടെ വിശ്വാസം പ്രദാനം ചെയ്യുന്ന സ്നേഹവും പ്രത്യാശയും ഈ ലോകത്തിനു നൽകാം. സഭയുടെ മിഷനറി ചൈതന്യം മതംമാറ്റത്തെ സംബന്ധിക്കുന്ന ഒന്നല്ല. പിന്നെയോ അത് ജീവിതസാക്ഷ്യമാണ്. പ്രത്യാശയെയും സ്നേഹത്തെയും പ്രദാനം ചെയ്യുന്ന പാതയെ അത് പ്രകാശിപ്പിക്കുന്നു. സഭ ഒരു ദുരിതാശ്വാസപ്രവർത്തനസംഘടനയോ എൻ.ജി.ഓയോ അല്ല. പിന്നെയോ പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട ആളുകളുടെ ഒരു സമൂഹമാണ്. അവർ യേശുവുമായുള്ള കണ്ടുമുട്ടലിന്റെ അനുഭവത്തിൽ ജീവിച്ചവരും അതിൽ ജീവിക്കുന്നവരുമാണ്. അവർ, കർത്താവ് നമുക്കു തന്ന രക്ഷാകരസന്ദേശവും അതിൽനിന്നുളവാകുന്ന അഗാധമായ സന്തോഷ

ത്തിന്റെ അനുഭവവും പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരാണ്. ഈ പാതയിൽ സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്.

ക്രിസ്തുവിന്റെ സദ്‌വാർത്തയുടെ വാഹകരാകാൻ ഓരോ വ്യക്തിയേയും പ്രോത്സാഹിപ്പിക്കാൻ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നുണ്ട്. പ്രേഷിതരുടെ സംഖ്യ വർദ്ധിച്ചു കൊണ്ടാണിരിക്കുന്നത്. അവർ കർത്താവിന്റെ വിളി കേൾക്കുകയും വ്യത്യസ്ത പ്രദേശങ്ങളിലും സംസ്കാരങ്ങളിലും സുവിശേഷത്തിനു സേവനം ചെയ്യാൻ സ്വന്തം നാട് ഉപേക്ഷിച്ചു പോകുകയും ചെയ്യുന്നു.

"ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ" (മത്താ. 28.19) എന്ന കർത്താവിന്റെ കല്പനയോടു പ്രത്യുത്തരിച്ചു കൊണ്ട് ഈ സാർവ്വത്രികമാനത്തിൽ ജീവിക്കുകയെന്ന ത്, ഓരോ പ്രാദേശിക സഭയ്ക്കും ഓരോ സമൂഹത്തിനും സമ്പന്നത നൽകുന്ന ഒന്നാണ്. കാരണം, മിഷണറിമാരെ അയയ്ക്കുകയെന്നത് ഒരിക്കലും ഒരു നഷ്ടമല്ല. പിന്നെയോ ലാഭമാണ്.

ലോക മിഷൻദിനം ആചരിക്കുമ്പോൾ നമ്മുടെ അതിരൂപതയിലെ എല്ലാ മിഷൻ പ്രവർത്തനങ്ങ ളേയും ഞാൻ അഭിനന്ദിക്കുന്നു. സുവിശേഷ പ്രഘോഷണത്തിനുവേണ്ടി വിഷമതകൾ അനുഭവി ക്കുന്ന ഏവർക്കും വേണ്ടി പ്രാർത്ഥനയിലൂടെ നാം സമീപസ്ഥരാകണം.

"കർത്താവിന്റെ വചനം വേഗത്തിൽ വ്യാപിക്കുകയും എല്ലായിടത്തും അത് മഹത്ത്വീകൃതമാകു കയും ചെയ്യും" (2 തെസ. 3:1) എന്ന പ്രത്യാശ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രകടിപ്പിച്ചു. "ഈ വിശ്വാസവർഷം കർത്താവായ ക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധത്തെ കൂടുതൽ ശക്തിപ്പെ ടുത്തട്ടെ. എന്തെന്നാൽ, ഭാവിയിലേയ്ക്ക് ഉറ്റുനോക്കാനുള്ള തീർച്ചയും യഥാർത്ഥവും സ്ഥിരവുമായ സ്നേഹത്തിന്റെ ഗ്യാരന്റിയും അവിടന്നിൽ മാത്രമാണുള്ളത്.(വിശ്വാസത്തിന്റെ വാതിൽ 15). ലോക ത്തിന്റെ സകല ഭാഗങ്ങളിലും സുവിശേഷം പ്രഘോഷിക്കാനുള്ള സഭയുടെ മൗലിക സമർപ്പണ ത്തോടൊത്തു പോകുകയും അതിനെ പിന്താങ്ങുകയും ചെയ്യുന്ന വൈദിക, സന്ന്യാസ, അൽമായ മിഷനറിമാരെയും പ്രാർത്ഥനാപൂർവ്വം നമുക്ക് ഓർക്കാം. ഇങ്ങനെ സുവിശേഷത്തിന്റെ ശുശ്രൂഷ കരും പ്രേഷിതരുമെന്ന നിലയിൽ സുവിശേഷവൽക്കരണത്തിന്റെ സന്തോഷപൂർണവും ആശ്വാസ ദായകവുമായ സന്തോഷം" (പോൾ 6-ാമൻ, എവാഞ്ചെലീ നൂൺസിയാന്തി, 80) അനുഭവിക്കാൻ ഏവർക്കും ഇടയാകട്ടെ.

കുടുംബങ്ങളിൽ ജ്വലിച്ചുപ്രകാശിക്കുന്ന വിശ്വാസ ചൈതന്യം നമ്മുടെ ഓരോ ഭവനങ്ങളെയും പ്രേഷിതചൈതന്യത്താൽ പൂരിതമാക്കട്ടെ. അനുദിന ജീവിതത്തിൽ മാതാപിതാക്കൾ നൽകുന്ന വിശ്വാസ സാക്ഷ്യം കുഞ്ഞുമനസ്സുകളിൽ മിഷൻചൈതന്യം തഴച്ചുവളരുവാൻ സഹായിക്കട്ടെ. തിരു ബാലസഖ്യത്തിലൂടെയും പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗിലൂടെയും നമ്മുടെ കുഞ്ഞുങ്ങൾ പ്രേഷിതചൈതന്യത്തിൽ വളരാൻ നാം അവസരമൊരുക്കണം. ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ മിഷൻ ലീഗിന് ശക്തി പകരുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും അൽമായ സഹോദരങ്ങളെയും ഞാൻ സ്നേഹപൂർവ്വം ശ്ലാഘിക്കുന്നു. മിഷൻ പ്രവർത്തനങ്ങളെ പ്രാർത്ഥനകൊണ്ടും ആളുകൊണ്ടും അർത്ഥംകൊണ്ടും സഹായിക്കുവാൻ ഓരോ ക്രൈസ്തവനു മുള്ള ചുമതല ഒരിക്കൽക്കൂടി അനുസ്മരിപ്പിച്ചുകൊണ്ട് കടന്നുവരുന്ന മിഷൻഞായർ അർത്ഥ പൂർണ്ണവും അനുഗ്രഹീതവുമാക്കാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2013 ഒക്ടോബർ 13-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.